ദീപിക

kochi june 5, 2013

# സൈക്കിൾ @ ഇൻഫോപാർക്ക്

കൊച്ചി: ഇൻഫോപാർക്കിൽ ഇനി സൈക്കിളിൽ സഞ്ചരിക്കാം. കാമ്പസിനുള്ളിലെ ഹരിത സ്വഭാവം നിലനിർത്തുന്നതിന്റെ ഭാഗമായാണ് ജീവനക്കാർക്കു സൈക്കിൾ സേവനം ഏർപ്പെടുത്തിയത്. ഐടി മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി പദ്ധതി ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ചു മന്ത്രിയും പാർക്കിലെ വിവിധ കമ്പനി മേധാവികളും ഇൻഫോ പാർക്ക് ചീഫ് എക്സിക്ക്യൂട്ടിവ് ഓഫീസർ ജിജോ ജോസഫും കാമ്പസിലൂടെ സൈക്കിൾ സവാരി നടത്തി.

സൈക്കിൾ ക്ലബിൽ രജിസ്റ്റർ ചെയ്യുന്നവർക്കു മണിക്കൂറിൽ രണ്ടുരൂപ നിരക്കിൽ സൈക്കിൾ ഉപയോഗിക്കാം. ഇൻഫോപാർക്കിലെ എട്ടിടങ്ങളിൽ സൈക്കിളുകൾ പാർക്കു ചെയ്തിട്ടുണ്ടാകും. വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേക സൈക്കിളുകൾ ലഭ്യമാണ്. 9645511155 എന്ന മൊബൈൽ നമ്പറിലേക്ക് എസ്എംഎസ് ചെയ്താൽ ജീവനക്കാർക്കു സൈക്കിൾ ക്ലബ്ബിൽ അംഗങ്ങളാകാം.



കാക്കനാട് ഇൻഫോപാർക്കിൽ സൈക്കിൾ ക്ലബ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി സൈക്കിൾ സവാരി നടത്തി ഉദ്ഘാടനം ചെയ്യുന്നു.

വിപ്രോ, ഫ്രാഗോമെൻ, ലിറ്റ്മസ് 7, കാൽപൈൻ സൊലുഷൻസ്, യുവിജെ ടെക്നോളജീസ്, എച്ച്ഡിഎഫ്സി ബാങ്ക് എന്നീ കമ്പനികളാണ് ക്ലബിലേക്ക് അൻപതു സൈക്കിളുകൾ സംഭാവന ചെയ്തത്. തിരുവനന്തപുരം ടെക്നോപാർക്കിൽ ഈ ഉദ്യമം വിജയകരമായി നടത്തിവരുന്ന 'അതി' സൈക്കിൾ ക്ലബ്ബാണ് ഇൻഫോപാർക്കിലും ഈ സംരംഭം ഏറ്റെടുത്ത് നടത്തുന്നത്.